**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4604** **19-07-2022 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം മണ്ഡലത്തിലെ സ്ലൂയിസ്-കം- ബ്രിഡ്ജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽ കടവ് സ്ലൂയിസ്-കം- ബ്രിഡ്ജ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | കരിച്ചാൽ കടവ് സ്ലൂയിസ്-കം-ബ്രിഡ്ജ് പദ്ധതിയുടെ പൈൽ ഫൗണ്ടേഷൻ പ്രവൃത്തികൾ 2019ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തി പാടശേഖരത്തിലൂടെ കടന്നുപോകുന്ന തോട്ടിലായതിനാൽ ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ മാത്രമാണ് പ്രവൃത്തി നടത്തുവാൻ സാധിക്കുന്നത്. ഈ വർഷം (2022) പൈൽ ക്യാപ്പുകളുടെയും ഗൈഡ് ബീമുകളുടെയും നിർമ്മാണം, കിഴക്കുഭാഗത്തെ അബട്ട്മെന്റിന്റേയും ഒരു പിയറിന്റേയും നിർമ്മാണം (3 മീറ്റർ ഉയരത്തിൽ) എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റേയും, തോടിന്റേയും സംരക്ഷണഭിത്തിയുടെ നിർമ്മാണത്തിനായി 908 പ്രീകാസ്റ്റ് പൈലുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി പുരോഗമിക്കുന്നതിനിടയിൽ മെയ് മാസം ആദ്യവാരം മുതൽ പെയ്ത കനത്ത മഴ മൂലം തോടും പരിസരപ്രദേശങ്ങളും വെള്ളത്തിലായതിനാൽ തുടർപ്രവൃത്തികൾ തുടങ്ങുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ കാലാവധി എന്ന് വരെയായിരുന്നുവെന്നും ഇത് നീട്ടി നൽകിയിട്ടുണ്ടോയെന്നും അറിയിക്കാമോ; | (ബി) | ഈ പ്രവൃത്തിയുടെ ഉടമ്പടി പ്രകാരമുള്ള പൂർത്തീകരണ കാലാവധി 21/05/2020 വരെയായിരുന്നു. അതിനു ശേഷം പണി തീർക്കാൻ സാധിക്കാത്തതിനാൽ പൂർത്തീകരണ കാലാവധി കരാറുകാരന്റെ അപേക്ഷ പ്രകാരം 20/11/2020, 31/03/2021, 30/04/2022 എന്നീ തീയ്യതികൾ വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. ഈ കാലയളവിൽ പണി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പിഴയോടുകൂടി 31/01/2023-വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (സി) | കരാറുകാരന്റെ അനാസ്ഥമൂലമാണോ കാലതാമസം ഉണ്ടായത്; എങ്കിൽ കരാറുകാരനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | പൂർത്തീകരണ കാലാവധി 31/01/2023-വരെ ദീർഘിപ്പിച്ചു നൽകുന്നതിനായി കരാറുകാരനിൽ നിന്നും 2 ലക്ഷം രൂപ പിഴ ഈടാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത് സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാനം അനുസരിച്ച് ടി പ്രവൃത്തിയുടെ വർക്ക് ഷെഡ്യൂൾ തയ്യാറാക്കി വർക്ക് പുനരാരംഭിച്ചിട്ടുണ്ട്. ഈ വർഷം പൈൽ ക്യാപ്പുകളുടെയും ഗൈഡ് ബീമുകളുടെയും നിർമ്മാണവും, കിഴക്ക് അബട്ട്മെന്റിന്റെ ഒരു പിയറിന്റെ നിർമ്മാണവും, 908 പ്രീകാസ്റ്റ് പൈലുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടന്നു കൊണ്ടിരിക്കെ മെയ് മാസം മുതൽ പെയ്ത കനത്ത മഴ മൂലം തോടും പരിസരപ്രദേശവും വെള്ളത്തിൽ ആയതിനാൽ തുടർ പ്രവൃത്തികൾ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31/01/2023-വരെ നീട്ടി അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം 31/01/2023-നുള്ളിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ